# JANUARY 1 - 7 FULL CA

PSC TALKZ

Join us on Telegram

GET IT ON Google Play

DAILY MOCK TEST : 2022

Learn More

DAILY CA QUIZ - 2021-2022

Learn More

SCERT / NCERT QUIZ

Learn More

FREE STUDY MATERIALS

Download Best Quality PDF Files

Learn More

HSA MODEL EXAM / MOCK TEST : 2022

Learn More

C P O MODEL EXAM / MOCK TEST : 2022

Learn More

- പരീക്ഷയോടു അടുക്കുമ്പോൾ മാത്രം കറണ്ട് അഫയർ നോക്കുമ്പോഴാണ് ,കറണ്ട് അഫയർ പരസ്പരബന്ധമില്ലാത്ത വിവരങ്ങളുടെ വലിയൊരു ശേഖരം ആയി തോന്നുന്നത്, സ്വാഭാവികമായി മടപ്പുവരും, എന്തൊക്കെയോ വായിച്ച് CA പഠിച്ചു എന്ന് വരുത്തിത്തീർക്കും
- ഓരോ ദിവസവും ആ ദിവസത്തെ കറണ്ട് അഫയർ പഠിച്ചു നോക്കൂ
- ഇന്നു പഠിച്ചു തുടങ്ങുന്നവർ ഇന്നത്തെ CA പഠിക്കുന്നതിനൊപ്പം പഴയ Daily CA കൂടെ കുറേശ്ശെ വായിച്ചു പഠിച്ചു നോക്കൂ - കൃത്യമായ ഇടവേളകളിൽ റിവിഷൻ ചെയ്യൂ പെട്ടെന്ന് തന്നെ ട്രാക്കിലേക്ക് വരാൻ സാധിക്കും ☺

## JANUARY 1

- ലോകത്തിലെ ഏറ്റവും വലിയ മെട്രോ ശൃംഖലയുള്ള നഗരമെന്ന പദവി ഉയർത്തി ഷാങ്ഹായ് രണ്ട് പുതിയ മെട്രോ ലൈനുകൾ തുറന്നു.
- പുതിയ മെട്രോ ലൈനുകളുടെ ഉദ്ഘാടനത്തോടെ ഷാങ്ഹായ് സബ്‌വേ ശൃംഖല 831 കിലോമീറ്റർ നീളത്തിൽ വികസിക്കും.
- ദക്ഷിണാഫ്രിക്കൻ താരം ക്വിന്റൺ ഡി കോക്ക് ടെസ്റ്റ് ക്രിക്കറ്റിൽ നിന്ന് വിരമിച്ചു.
- മരണമടഞ്ഞ ഫോട്ടോ ജേണലിസ്റ്റ് ഡാനിഷ് സിദ്ദിഖിക്ക് മുംബൈ പ്രസ് ക്ലബ് 2020-ലെ 'ജേർണലിസ്റ്റ് ഓഫ് ദ ഇയർ' മരണാനന്തര ബഹുമതിയായി നൽകി.
- ഉത്തർപ്രദേശ് സർക്കാർ ഝാൻസി റെയിൽവേ സ്റ്റേഷന്റെ പേര് റാണി ലക്ഷ്മിഭായിയുടെ പേരിൽ വീരാംഗന ലക്ഷ്മിഭായി റെയിൽവേ സ്റ്റേഷൻ എന്ന് പുനർനാമകരണം ചെയ്തു.
- റേറ്റിംഗ് ഏജൻസിയായ ICRA 2022 സാമ്പത്തിക വർഷത്തിൽ ഇന്ത്യയുടെ ജിഡിപി വളർച്ച 9.0% കണക്കാക്കി.
- അണ്ടർ 19 ഏഷ്യാ കപ്പ് ക്രിക്കറ്റ് കിരീടം ഇന്ത്യയ്ക്ക്.
- ശ്രീലങ്കയെ ഒൻപത് വിക്കറ്റിന് തകർത്ത് അണ്ടർ 19 ഏഷ്യാ കപ്പ് കിരീടം ഇന്ത്യ സ്വന്തമാക്കി. ഡക്ക്വർത്ത് ലൂയിസ് നിയമപ്രകാരം 38 ഓവറിൽ 102 റൺസായി പുനർ നിശ്ചയിച്ച വിജയ ലക്ഷ്യം വെറും 21.3 ഓവറിൽ ഇന്ത്യൻ ടീം മറികടന്നു.
- അണ്ടർ 19 ഏഷ്യാ കപ്പിൽ ഇന്ത്യയുടെ എട്ടാം കിരീടമാണിത്.
- Zircon (Tsirkon) ഹൈപ്പർസോണിക് ക്രൂയിസ് മിസൈലിന്റെ 10 പരീക്ഷണ വിക്ഷേപണങ്ങൾ Russia നടത്തിയതായി റഷ്യൻ ന്യൂസ് ഏജൻസിയായ Interfax അറിയിച്ചു.
- റഷ്യയുടെ വടക്കൻ നാവിക വിഭാഗം Zircon മിസൈലുകൾ കപ്പിലിൽ നിന്നും

- അന്തർവാഹിനിയിൽ നിന്നും വിക്ഷേപിച്ചെന്നാണ് റിപ്പോർട്ട്. ഏകദേശം 6,200 km/hour വേഗതയിൽ സഞ്ചരിക്കാൻ ശേഷിയുള്ളതാണ് Zircon മിസൈലുകൾ എന്നാണ് റിപ്പോർട്ടുകൾ.

## JAN 2

- കോവിഡും Influenza-യും ഒരുമിച്ചു വരുന്ന രോഗാവസ്ഥയായ Florona ആദ്യമായി ഇസ്രയേലിൽ സ്ഥിരീകരിച്ചു. @PSC_Talkz
- കേന്ദ്ര വിദ്യാഭ്യാസ മന്ത്രി ധർമേന്ദ്ര പ്രധാൻ 100 ദിവസത്തെ വായനാ കാമ്പയിൻ 'പഢേ ഭാരത്' ആരംഭിച്ചു.( पढ़े भारत)
- 2022 ജനുവരി 1 മുതൽ 2022 ഏപ്രിൽ 10 വരെ 100 ദിവസത്തേക്ക് (14 ആഴ്ച) ഇത് സംഘടിപ്പിക്കും.
- വിനയ് കുമാർ ത്രിപാഠി റെയിൽവേ ബോർഡിന്റെ പുതിയ ചെയർമാനായും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായും 2022 ജനുവരി 1 മുതൽ നിയമിതനായി.
- ഇന്ത്യൻ കോസ്റ്റ് ഗാർഡിന്റെ 24-ാമത് മേധാവിയായി ഡയറക്ടർ ജനറൽ വിഎസ് പതാനിയ ചുമതലയേറ്റു. @PSC_Talkz
- ഉപരാഷ്ട്രപതി എം വെങ്കയ്യ നായിഡു ലക്ഷദ്വീപിൽ കടമത്ത്, ആന്ത്രോത്ത് ദ്വീപുകളിൽ രണ്ട് ആർട്സ് & സയൻസസ് കോളേജുകൾ ഉദ്ഘാടനം ചെയ്തു.
- രണ്ട് കോളേജുകളും പോണ്ടിച്ചേരി സർവകലാശാലയുമായി അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

## JAN 3

- 2025-ഓടെ ആഗോള റോബോട്ടിക്സ് ഇന്നൊവേഷൻ ഹബ്ബായി മാറുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനുള്ള അഞ്ച് വർഷത്തെ പ്ലാൻ ചൈന പ്രഖ്യാപിച്ചു.
- ഒഡീഷ ഗവൺമെന്റ് സർക്കാർ ജീവനക്കാരുടെയും പെൻഷൻകാരുടെയും ഡിയറനസ് അലവൻസ് (DA) 3% ആയി ഉയർത്തി.
- ഉത്തരാഖണ്ഡ് സർക്കാർ വാർദ്ധക്യ-വിധവാ പെൻഷൻ 1200 രൂപയിൽ നിന്ന് 1400 ആക്കി ഉയർത്തി.

- ശരീരത്തിൽ ചെറിയ മുറിവുപോലും സൃഷ്ടിക്കാത്ത നൂതനരീതിയായ വിനോട്ട് (വജൈനൽ നാചറൽ ഒറിഫൈ സ് ട്രാൻമിനൽ എൻഡോസ്കോപിക് സർജറി) കണ്ണൂർ ആസ്റ്റർ മിംസിൽ ആരംഭിച്ചു. ഈ സംവിധാനം കേരളത്തിലാദ്യമാണെന്ന് അധികൃതർ പത്രസമ്മേളനത്തിൽ അറിയിച്ചു. @PSC_Talkz
- ഗർഭ പാത്രത്തിൽ മുഴയും അമിതരക്തസ്രാവവും മൂലം ബുദ്ധിമുട്ടനു ഭവിച്ച 44-കാരിയിലാണ് ഈ ചികിത്സാരീതി വിജയകരമായി നട ത്തിയത്.
- ഡോ. അയിഷ (കൺസൽട്ടൻറ് സർജൻ), ഡോ. സാഗരിക, അനസ്റ്റസ്റ്റുമാരായ ഡോ. ശരത്, ഡോ. റാഷിഫ്, സിസ്റ്റർ അംബിക എന്നിവർ ശാസ്ത്രക്രിയയ്ക്ക് നേതൃത്വം നൽകി.
- ടെസ്റ്റിൽ ഏറ്റവും വേഗത്തിൽ 100 പുറത്താക്കലുകൾ തികയ്ക്കുന്ന ഇന്ത്യൻ വിക്കറ്റ് കീപ്പറായി ഋഷഭ് പന്ത് @PSC_Talkz
- രാജ്യത്ത് ആദ്യമായി പെൻഷൻകാർക്ക് ഡിജിറ്റൽ ലൈഫ് സർട്ടിഫിക്കറ്റ് സംവിധാനം ആരംഭിച്ച സംസ്ഥാനമായി ഒഡീഷ
- പ്രശസ്ത ഒഡിയ എഴുത്തുകാരിയും കേന്ദ്ര സാഹിത്യ അക്കാദമി അവാർഡ് ജേതാവുമായ പുണ്യ പ്രവ ദേവി (83) അന്തരിച്ചു.
- 1960-ൽ മികച്ച ബാലസാഹിത്യത്തിനുള്ള ദേശീയ പുരസ്കാരവും 2010-ൽ കേന്ദ്ര സാഹിത്യ അക്കാദമിയുടെ ശിശു സാഹിത്യ രത്ന - ബാലസാഹിത്യ പുരസ്കാരവും അവർ നേടിയിട്ടുണ്ട്.

## JAN 4

- ഇന്ത്യയിലെ ആദ്യത്തെ വാട്ടർ ടാക്സി സർവീസ് മുംബൈയിൽ.
- അത്യാധുനിക വാട്ടർ ടാക്സി സേവനങ്ങൾ കമ്മീഷൻ ചെയ്യുന്നതോടെ പുതിയ ഗതാഗത പരിഹാരത്തിന് മുംബൈ ഒരുങ്ങുന്നു. @PSC_Talkz
- മംബൈ പോർട്ട് ട്രസ്റ്റ് (എംബിപിടി), സിറ്റി ആൻഡ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ (സിഡ്കോ), മഹാരാഷ്ട്ര മാരിടൈം ബോർഡ് (എംഎംബി) എന്നിവയുടെ സംയുക്ത സംരംഭമാണ് പദ്ധതി.

- 51-ാമത് ഓടക്കുഴൽ സാഹിത്യ പുരസ്കാരത്തിന് പ്രശസ്ത നോവലിസ്റ്റും ചെറുകഥാകൃത്തുമായ സാറാ ജോസഫിനെ തിരഞ്ഞെടുത്തു.
- മാതൃഭൂമി ആഴ്ചപ്പതിപ്പിൽ പ്രസിദ്ധീകരിച്ച സാറയുടെ എപ്പിസോഡിക് നോവൽ 'ബുദ്ധിനി'ക്കാണ് പുരസ്കാരം. 35,000 രൂപയും പ്രശസ്തി പത്രവും ആദരിക്കലും നൽകി ആദരിക്കും.
- രാഷ്ട്രീയ പ്രതിസന്ധികൾക്കിടയിൽ സുഡാൻ പ്രധാനമന്ത്രി അബ്ദല്ല ഹംദോക്ക് രാജി പ്രഖ്യാപിച്ചു.
- സ്ത്രീകളുടെ വിവാഹപ്രായ ബിൽ പരിശോധിക്കാൻ പാർലമെന്ററി പാനൽ @PSC_Talkz
- സ്ത്രീകളുടെ നിയമപരമായ വിവാഹപ്രായം 18ൽ നിന്ന് 21 ആക്കി ഉയർത്താനാണ് ബിൽ ലക്ഷ്യമിടുന്നത്.
- മുതിർന്ന ബിജെപി നേതാവ് വിനയ് സഹസ്രബുദ്ധെയാണ് പാർലമെന്ററി സ്റ്റാൻഡിംഗ് കമ്മിറ്റിയെ നയിക്കുക.
- 31 അംഗങ്ങളിൽ ടിഎംസി എംപി സുസ്മിത ദേവ് മാത്രമാണ് ഏക വനിത.
- കെനിയൻ സംരക്ഷകനും പാലിയോ ആന്ത്രോപോളജിസ്റ്റുമായ റിച്ചാർഡ് ലീക്കി അന്തരിച്ചു.
- ആനക്കൊമ്പ് കച്ചവടത്തിനെതിരായ പ്രചാരണങ്ങൾക്ക് അദ്ദേഹം നേതൃത്വം നൽകി. @PSC_Talkz
- ഇന്ത്യൻ വനിതാ ടീം ക്രിക്കറ്റ് താരം സ്മൃതി മന്ദാനയെ ഐസിസി വനിതാ ക്രിക്കറ്റർ ഓഫ് ദി ഇയർ-2021 അവാർഡിനുള്ള റേച്ചൽ ഹെയ്ഹോ ഫ്ലിന്റ് ട്രോഫിക്ക് നാമനിർദ്ദേശം ചെയ്തു.
- നാമനിർദ്ദേശം ചെയ്യപ്പെട്ട മറ്റുള്ളവർ:: ഇംഗ്ലണ്ടിന്റെ ടാമി ബ്യൂമോണ്ട്, ഓസ്ട്രേലിയയുടെ ലിസെല്ലെ ലീ, അയർലണ്ടിന്റെ ഗാബി ലൂയിസ്
- വിസ്താര എയർലൈൻസിന്റെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറായി (സിഇഒ) വിനോദ് കണ്ണൻ ചുമതലയേറ്റു.
- മീഡിയ ട്രെൻഡ്സിന്റെ സ്ഥാപകൻ രോഹിത് കുമാറിന് ബീഹാർ എന്റർപ്രണർഷിപ്പ് കോൺക്ലേവ് 2021 ൽ "ബിഹാർ വിഭൂതി സമ്മാൻ" നൽകി ആദരിച്ചു. @PSC_Talkz
- മുൻ പാകിസ്ഥാൻ ക്യാപ്റ്റൻ മുഹമ്മദ് ഹഫീസ് അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്ന് വിരമിക്കൽ പ്രഖ്യാപിച്ചു.

- കോവിഡ് കാലത്ത് തെരുവിൽ കഴിഞ്ഞ മനുഷ്യർക്ക് പുതിയ പ്രതീക്ഷകൾ നൽകിയ മുൻ കോഴിക്കോട് കളക്ടർ എസ്. സാംബശിവ റാവുവിന് അഭിമാന നേട്ടം. ബെറ്റർ ഇന്ത്യ തയ്യാറാക്കിയ എക്സലൻസ് ഇൻ പബ്ളിക് സർവീസ് പട്ടികയിൽ സാംബശിവ റാവുവും ഇടംപിടിച്ചു. നിലവിൽ സർവേ ഡയറക്ടറാണ് അദ്ദേഹം.
- ലോക്ഡൗൺ കാലത്ത് ഭക്ഷണത്തിനുവകയില്ലാതെ കോഴിക്കോട്ടെ തെരുവുകളിൽ കഴിഞ്ഞ മനുഷ്യരെ പുനരധിവസിപ്പിച്ച ഉദയം പദ്ധതിയാണ് റാവുവിനെ നേട്ടത്തിനർഹനാക്കിയത്

## JAN 5

- ചണ്ഡീഗഡ് സർവകലാശാലയിൽ കൽപന ചൗള സെന്ററർ ഫോർ റിസർച്ച് ഇൻ സ്പേസ് സയൻസ് & ടെക്നോളജി ഉദ്ഘാടനം ചെയ്തു. @PSC_Talkz
- ഐടിബിപിയുടെ ഡയറക്ടർ ജനറൽ സഞ്ജയ് അറോറ സശാസ്ത്ര സീമാ ബലിന്റെ (എസ്എസ്ബി) അധിക ചുമതല വഹിക്കും.
- ആറ് മാസത്തേക്ക് യൂറോപ്യൻ യൂണിയൻ പ്രസിഡന്റ് സ്ഥാനം ഫ്രാൻസിന്.
- 2022 ജനുവരി 1 മുതൽ 2022 ജൂൺ 30 വരെ പ്രാബല്യത്തിൽ വരുന്ന, 14 വർഷത്തിനിടെ ആദ്യമായി യൂറോപ്യൻ യൂണിയൻ കൗൺസിലിന്റെ പ്രസിഡൻസി ഫ്രാൻസ്ഏറ്റെടുക്കുന്നു.
- യൂറോപ്യൻ  യൂണിയനിലെ ഓരോ അംഗരാജ്യവും ആറ് മാസത്തേക്ക് റൊട്ടേഷൻ അടിസ്ഥാനത്തിൽ കൗൺസിൽ ഓഫ് യൂറോപ്യൻ യൂണിയൻ പ്രസിഡന്റ് സ്ഥാനം വഹിക്കുന്നു.
- ജി അശോക് കുമാർ (തെലങ്കാന കേഡറിലെ 1991 ബാച്ച് ഐഎഎസ് ഉദ്യോഗസ്ഥൻ) ജലശക്തി മന്ത്രാലയത്തിന്റെ നാഷണൽ മിഷൻ ഫോർ ക്ലീൻ ഗംഗയുടെ (NMCG) പുതിയ ഡയറക്ടർ ജനറലായി ചുമതലയേറ്റു. @PSC_Talkz
- ബംഗ്ലാദേശ് പ്രധാനമന്ത്രി ഷെയ്ഖ് ഹസീന 26-ാമത് വാർഷിക ധാക്ക ഇന്റർനാഷണൽ ട്രേഡ് ഫെയർ (ഡിഐടിഎഫ്) ഉദ്ഘാടനം ചെയ്തു.
- ഹോങ്കോംഗ് ന്യൂസ് പോർട്ടൽ 'സിറ്റിസൺ ന്യൂസ്' അതിന്റെ പ്രവർത്തനം അവസാനിപ്പിക്കുന്നതായി പ്രഖ്യാപിച്ചു.
- ജലശക്തി മന്ത്രാലയം സെക്രട്ടറിയായി വിനി മഹാജൻ ചുമതലയേറ്റു.

- BlackBerry OS ഫോണുകളുടെ പ്രവർത്തനം ജനുവരി 4-ന് അവസാനിച്ചു.
- ഉപയോക്താക്കൾക്ക് BlackBerry OS-ന്റെ സേവനങ്ങളൊന്നും ജനുവരി 4-ന് ശേഷം ലഭിക്കില്ല. ആൻഡ്രോയിഡ് ഓപ്പറേറ്റിംഗ് സിസ്റ്റത്തെ അടിസ്ഥാനമാക്കിയുള്ള BlackBerry ഫോണുകളുടെ പ്രവർത്തനം തുടരും.

## JAN 6

- അടുത്തിടെ 3 ട്രില്യൺ ഡോളർ വിപണി മൂല്യം കൈവരിക്കുന്ന ആദ്യ കമ്പനിയായി മാറിയത്? ആപ്പിൾ
- ഒഎൻജിസിയുടെ സിഎംഡി പദവിയിലെത്തുന്ന ആദ്യ വനിത?അൽക്ക മിത്തൽ
- ആര് വിരമിച്ച ഒഴിവിലാണ് അൽക്ക മിത്തൽ സിഎംഡി പദവിയിലെത്തുന്നത്?സുഭാഷ് കുമാർ
- ഒഎൻജിസിയുടെ ആസ്ഥാനം സ്ഥിതിചെയ്യുന്നത്ന്യൂഡൽഹി
- ലോകത്തിലെ ഏറ്റവും വേഗത കൂടിയ “Flying Electric Plane” നിർമ്മിച്ച കമ്പനി ?റോൾസ് റോയ്സ്
- ഇന്ത്യയുമായുള്ള ട്രിങ്കോമാലി ഓയിൽ ടാങ്ക് ഫാം കരാർ അംഗീകരിച്ചത്? ശ്രീലങ്കൻ മന്ത്രിസഭ @PSC_Talkz
- ഇന്ത്യയിലെ ആദ്യത്തെ ക്രിപ്റ്റോ സൂചിക 'IC15' എന്ന പേരിൽ പുറത്തിറക്കിയത്? CryptoWire
- അടുത്തിടെ ആർബിഐ ഷെഡ്യൂൾഡ് ബാങ്കായി ഉയർത്തിയ പേയ്മെന്റ് ബാങ്ക്? എയർടെൽ പേയ്മെന്റ് ബാങ്ക്
- എയർടെൽ പേയ്മെന്റ് ബാങ്കിന്റെ എംഡിയും സിഇഒയും അനുബ്രത ബിശ്വാസ്.
- എയർടെൽ പേയ്മെന്റ്സ് ബാങ്കിന്റെ ആസ്ഥാനം ഡൽഹി
- 'അനാഥ കുട്ടികളുടെ അമ്മ' എന്ന് സ്നേഹപൂർവ്വം അറിയപ്പെടുന്ന വ്യക്തി 2022 ജനുവരി 4 ന് അന്തരിച്ചു. ആരാണ് ഈ വ്യക്തി? സിന്ധുതായ് സപ്കൽ
- 'മീ സിന്ധുതായ് സപ്കൽ' എന്ന ബയോപിക് ഏത് ഭാഷയിൽ ആണ് പുറത്തിറങ്ങിയത്? മറാത്തി (2010)

# JAN 7

- ഏത് ടെക് പ്ലാറ്റ്ഫോം ആണ് ഇസ്രായേലി സൈബർ സുരക്ഷാ സ്റ്റാർട്ടപ്പായ Siemplify നെ ഏറ്റെടുത്തത്? ഗൂഗിൾ
- ഇന്ധന വില വർധനയ്ക്കെതിരെയുള്ള പ്രക്ഷോഭത്തെതുടർന്ന് 2022 ജനുവരിയിൽ ഏത് രാജ്യത്തെ സർക്കാറാണ് രാജി വച്ചത് കസാഖിസ്ഥാൻ
- 2022 ജനുവരിയിൽ ബാലവിവാഹ രഹിത ജില്ലയായി പ്രഖ്യാപിച്ച ഒഡീഷയിലെ ജില്ല : ഗഞ്ചാം
- നവജാതശിശു പരിചരണ രംഗത്തെ പ്രധാന ചുവടുവെപ്പായ “നിയോ ക്രാഡിൽ” പദ്ധതിക്ക് തുടക്കമായ കേരളത്തിലെ ജില്ല : കോഴിക്കോട്
- 2022 ജനുവരിയിൽ അന്തരിച്ച സ്വാതന്ത്ര്യസമര സേനാനിയായ മലയാളി കെ.അയ്യപ്പൻ പിള്ള
- "ചെയ്ഞ്ചിങ് ടൈംസ് ആൻഡ് മൈ ലൈഫ് " ആരുടെ ആത്മകഥയാണ്??കെ അയ്യപ്പൻ പിള്ള
- അന്തരിച്ച മലയാള ചലച്ചിത്ര നടൻ നെടുമുടി വേണുവിനെ കുറിച്ച് “തമ്പ്; നെടുമുടി വേണു ജീവിതം പറയുന്നു” എന്ന പുസ്തകം എഴുതിയത് എം.എസ്.ദിലീപ്
- “കോട്ടയത്തിന്റെ കഥ" എന്ന പുസ്തകം എഴുതിയത് ജസ്റ്റിസ് കെ.ടി.തോമസ്
- കോവിഡ് വാക്സിനെടുത്തില്ല എന്ന കാരണത്താൽ ഓസ്ട്രേലിയ ആരുടെ വിസയാണ് നിഷേധിച്ചത്?Novak Djokovic-ന്റെ @PSC_Talkz
- കോവിഡ് വകഭേദമായ ഒമിക്രോണിനെ തിരിച്ചറിയാൻ സഹായിക്കുന്ന ടെസ്റ്റിങ് കിറ്റായ Omisure-ന് അനുമതി നൽകിയത്? Drugs Controller General of India (DCGI)
- Omisure കിറ്റ് വികസിപ്പിച്ചത്? Tata Medical and Diagnostics Limited-ഉം ICMR-ഉം ചേർന്ന്
- 27 - മത് കൊൽക്കത്ത അന്താരാഷ്ട്ര ചലച്ചിത്ര മേളയിൽ ഇടം നേടിയ സിനിമ?മ് (സൗണ്ട് ഓഫ് പെയിൻ).
- കുറുംബ ഭാഷയിൽ പുറത്തിറക്കിയ ചിത്രത്തിൽ നായക കഥാപാത്രത്തെ അവതരിപ്പിക്കുന്നത്? ഐ.എം. വിജയൻ സംവിധാനം : വിജീഷ് മണി.